## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4245** **27/06/2013-ൽ മറുപടി നല്ലേണ്ടിയിരുന്നത്**

**<u>പത്താം ക്ലാസ്സ് പരീക്ഷയിൽ പ്രത്യേക മിനിമം മാർക്ക്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. ശശി<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. വി.എസ്. സുനിൽ കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പത്താം ക്ലാസ്സ് പരീക്ഷയിൽ ജയിക്കാൻ എഴുത്ത് പരീക്ഷയ്ക്ക് പ്രത്യേക മിനിമം മാർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല. |
| (ബി) നിലവിലുള്ള സമ്പ്രദായമനുസരിച്ച് ഇന്റേണൽ അസസ്മെന്റ് വിഭാഗത്തിൽപ്പെടുത്തി എത്ര മാർക്കാണ് നൽകുന്നത്; ഈ മാർക്കിടുന്നതു സംബന്ധിച്ച് പരിശോധനകൾ നടത്താൻ പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇത്തരം സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) ഐ.ടി. ഒഴികെയുള്ള വിഷയങ്ങൾക്ക് ഓരോ വിഷയത്തിനും പരമാവധി 20 മാർക്കും ഐ.ടി.യ്ക്ക് 10 മാർക്കും ആണ് ഇന്റേണൽ അസസ്മെന്റായി നൽകുന്നത്. ഒരു സ്കൂളിലെ അദ്ധ്യാപകരെ മറ്റൊരു സ്കൂളിലെ മാർക്ക് പരിശോധനയ്ക്കായി നിയോഗിച്ച് പരിശോധന നടത്തുന്ന രീതിയാണ് നടപ്പിലാക്കുന്നത്. ഈ രീതി ഇപ്പോഴും തുടരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇന്റേണൽ മാർക്ക് നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉയർന്നുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇല്ല. എങ്കിലും മികച്ച ഇന്റേണൽ മാർക്ക് നേടുന്ന കുട്ടികളും എഴുത്തുപരീക്ഷയിൽ വളരെ താഴ്ന്ന മാർക്ക് നേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, ഇതു പരിഹരിക്കുന്നതിന് ഇന്റേണൽ മാർക്ക് നൽകുന്നതിനായുള്ള നിരന്തര മൂല്യനിർണയം ശക്തിപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പദ്ധതി നടത്താൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല, ജില്ലാതല പരിശീലനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനായുള്ള നടപടികൾ തുടർന്നു വരുന്നു. |

Sreedevi

**സെക്ഷൻ ഓഫീസർ**